# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ:2356 08.03.2017 ലെ മറുപടിയ്ക്ക്

## ഫാമിലി പെൻഷൻ

**ചോദ്യം** **ഉത്തരം**

ശ്രീ. അടൂർ പ്രകാശ്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുതുശ്ശേരിമുക്ക് അഞ്ജലി നിവാസിൽ സരളാദേവി ആർ.ന് ഫാമിലി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച സബ് ട്രഷറി ഓഫീസർ, നെടുമങ്ങാടിന് നൽകിയ അപേക്ഷയിൻമേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | | നെടുമങ്ങാട് സബ് ട്രഷറിയിൽ നിന്നും ജൂനിയർ അക്കൗണ്ടന്റായി വിരമിച്ച അന്തരിച്ച ശ്രീ.ഉണ്ണികൃഷ്ണൻ നായരുടെ സഹധർമ്മിണി ശ്രീമതി. ആർ.സരളാദേവി (അഞ്ജലി നിവാസ്, പുതുശ്ശേരിമുക്ക്) ട്രഷറിയിൽ 10.02.2017-ന് സമർപ്പിച്ച അപേക്ഷ സബ് ട്രഷറി ഓഫീസർ തുടർ നടപടികൾക്കായി കാട്ടാക്കട ജില്ലാ ട്രഷറി ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുള്ളതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയൽ ജില്ലാ ട്രഷറിയിൽ നിന്നും അക്കൗണ്ടന്റ് ജനറലിന് അയച്ചുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | | കാട്ടാക്കട ജില്ലാ ട്രഷറിയിൽ നിന്നും അപേക്ഷ 28.02.2017-ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |
| (സി) | ബന്ധപ്പെട്ട ഫയൽ നമ്പരും തീയതിയും വ്യക്തമാക്കുമോ; | | എ 2/1386/2010 തീയതി 28-02-2017. |
| (ഡി) | നാളിതുവരെ അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ? | | ബാധകമല്ല. |

സെക്ഷൻ ഓഫീസർ